Sri. E. John Philipose: 50 per cent is borne by the Government of India and the balance by this State.

ശ്രീ. എ. കെ. പാപ്പൂപിള്ള: ഇവിടെ ഗ്രേസിംഗ് ഗ്രൗണ്ട് ഉണ്ടോ എന്ന് ഗവണ്മെണ്ട് അന്വേഷിച്ചിട്ടുണ്ടോ?

Sri. E. John Philipose: That has nothing to do with this problem. This is purely in the urban area to bring pedigree sindhi bulls for improviing the breed.

കോതിക്കാത്ത വഞ്ചിയൂർകെട്ടിടം.

*൯൬൦. (൨൦) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവനന്തപുരത്തു ഹൈക്കോടതി ഇരുന്നിരുന്ന വഞ്ചിയൂർ കെട്ടിടത്തിന്റെ പരിസരത്തിൽ, ഗവണ്മെണ്ടിൽനിന്നും പണികഴിപ്പിച്ചിരുന്ന ഒരു വലിയ കെട്ടിടത്തിന്റെ പണി ഇടയ്ക്കു ഇട്ടുകളഞ്ഞിട്ടുള്ള സംഗതി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) നല്ലൊരു സംഖ്യ ചെലവാക്കിയതിനുശേഷം ഇടയ്ക്കുവച്ചു പ്രസ്തുത കെട്ടിടത്തിന്റെ പണി നിറുത്തിക്കളഞ്ഞതു എന്തുകൊണ്ടു;

(സി) പ്രസ്തുതകെട്ടിടത്തിന്റെ പണി ഉടൻ പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഉണ്ട്.

(ബി) അതു കൃത്യസമയത്തു് സിമൻറും ഇരുമ്പുസാമഗ്രികളും കിട്ടുവാനുണ്ടായ വിഷമംമൂലമാണ്.

(സി) ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടി ഗവർമ്മെണ്ടു് എടുത്തുവരികയാണ്.

ശ്രീ. എ. പി. ഉദയഭാനു: ഇത്രനാളായിട്ടും ഈ പണി പൂർത്തിയാക്കാത്തതു് എന്തുകൊണ്ടാണ്?

Sri. E. John Philipose: There has been some delay in arriving at a decision as to whether the building is to be a two storeyed one or a single storeyed one. In the former case the investment will go beyond one and half lakhs, and if it were the later the building could be completed with the allotment available. This has been under the consideration of Goverument for 2 months and they have not made up their minds about it. However Government expect to arrive at a decision very shortly.

ശ്രീ. കെ. എസ്സ്. ജോസഫ്: ഈ കെട്ടിടത്തിന്റെ പണി നിറുത്തിയിട്ടു ഇപ്പോൾ എത്രനാളായി?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതാണ് ഇപ്പോൾ പറഞ്ഞതു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: എന്തൊവശ്യത്തിനാണ് ഈ കെട്ടിടം പണിയുവാൻ തീരുമാനിച്ചതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഹൈക്കോർട്ടിന്റെ റിക്കാർഡ് ആഫീസിനും അഡ്വക്കേറ്റ് ജനറൽ ആഫീസ്സിനും വേണ്ടിയിട്ടാണ്.

ഹരിജൻ ഹോസ്റ്റലുകൾ

൯൭൫. (൨൫) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അപ്പലിഫ്റ്റ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) ഹരിജൻ വിദ്യാഭ്യാസപ്രോത്സാഹനത്തെ പരിഗണിച്ചു് കൂടുതൽ ഹോസ്റ്റലുകൾ ആരംഭിക്കുവാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഹോസ്റ്റലുകൾ ആരംഭിക്കുവാൻ പോകുന്നതു് എതെല്ലാം സ്ഥലങ്ങളിൽ ആയിരിക്കും?

ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഇപ്പോൾ ആലോചനയില്ല.

(ബി) (എ)—യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ നടത്തിവരുന്ന ഹോസ്റ്റലുകൾ വല്ലതും നിറുത്തുവാനാലോചനയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly